PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 11 ISSUE : 04 APRIL 2017

എഡിറ്റോറിയൽ

ദൈവത്തിൽ ആശ്രയിക്കുന്നവന് എന്തിനു പേടി ?

നമ്മിൽ പലരും പലപ്പോഴും പേടിച്ച് വിവശരായി തീരാറുണ്ടല്ലൊ. ഒന്നു ചിന്തിച്ചുനോക്കുക. നമ്മുടെ വിശ്വാസക്കുറവായിരിക്കും പലപ്പോഴും നമ്മെ ശല്യപ്പെടുത്തുന്ന ഭയപ്പാടിന്റെ കാരണം. പലതരത്തിലും, നിലയിലുമുള്ള മനുഷ്യർക്കും ഭയപ്പെടുവാൻ കാരണങ്ങളുണ്ടായിക്കാം. ഏറ്റവും താഴ്ന്ന ശമ്പളം വാങ്ങുന്ന കൂലിക്കാരൻപോലും ചിലപ്പോൾ അവന്റെ ജോലിയിൽ തൃപ്തനല്ലാത്ത അവന്റെ ബോസിനെ ഭയമായിരിക്കും. തന്റെ ജോലി നഷ്ടപ്പെടുമോ എന്നുള്ളതായിരിക്കും അതിനു കാരണം. ഏറ്റവും വലിയ വ്യവസായിക്ക് അവന്റെ കടം വീട്ടാൻ സാധിക്കാതെ ബാങ്കുകാർ അവന്റെ വീടും പറമ്പും ജപ്തി ചെയ്യുമോ എന്നുള്ള പേടിയായിരിക്കും മുമ്പിൽ.എന്നാൽ പലരും മനസ്സിലാക്കാത്ത ഒരു പരിഹാരമെ ഇങ്ങിനെയുള്ള പലതരം ഭയപ്പാടിനും മരുന്നായുള്ളു- ദൈവ വിശ്വാസം.

ഒരിക്കൽ അച്ഛനും അമ്മയും കൊച്ചു മകളുമടങ്ങുന്ന ഒരു കുടുംബം അറ്റ്ലാന്റിക് സമുദ്രത്തിലൂടെ കപ്പൽ യാത്ര ചെയ്യുകയായിരുന്നു. പെട്ടെന്ന് ഭയങ്കരമായ കടൽ ക്ഷോഭമുണ്ടാകുകയും, ആടിയുലഞ്ഞുകൊണ്ടിരിക്കുന്ന കപ്പലിൽ അപായ മണിമുഴങ്ങുകയും ചെയ്തു. കപ്പലിലുള്ള ആളുകൾ ഭയപ്പെട്ട് നിലവിളിക്കാനാരംഭിച്ചു. തന്റെ കൊച്ചു മകളോടൊപ്പം ആ അമ്മ ഭയപ്പെട്ടത് അപ്പച്ചനെ കാണാനില്ലാഞ്ഞതിനായിരുന്നു. അടുത്തുള്ള മുറികളിൽ അവർ മാറി മാറി പരിശോധിച്ചു. അപ്പച്ചൻ അവിടെ എങ്ങും ഇല്ല. കപ്പലിൽ യാത്രയാരംഭിച്ചപ്പോൾ പരിചയപ്പെട്ടവരോടെല്ലാം തിരക്കിനോക്കി. ആർക്കും ഒരു വിവരവുമില്ല. ഓരോ മുറിയും പരിശോധിച്ച്, ഒടുക്കം അദ്ദേഹത്തെ കൊച്ചുമകൾ കണ്ടെത്തി. ലൈബ്രറിയിൽ യാതൊരു ഭയാശങ്കകളുമില്ലാതെ അദ്ദേഹം ഇരുന്ന് വായിക്കുകയാണ്. മകൾ നിലവിളിച്ചുകൊണ്ടു പറഞ്ഞു. "അപ്പച്ചാ കപ്പൽ മുങ്ങുവാൻ പോകുകയാണ്." അദ്ദേഹം തിരിഞ്ഞു മകളെ നോക്കി എന്നിട്ട് കയ്യിലിരുന്ന ബാഗിൽ നിന്ന് കത്തിയെടുത്ത് അവളുടെ അടുത്തെത്തി. കത്തി അവളുടെ കഴുത്തിനടുത്തേക്ക് നീട്ടി അവൾക്ക് ഭയമുണ്ടോ എന്നു ചോദിച്ചു. അവൾ ഭയമില്ല എന്നു പറഞ്ഞു.

"എന്തുകൊണ്ടു ഭയമില്ല" എന്നായി അടുത്ത ചോദ്യം. "എന്റെ അപ്പച്ചനെ ഞാനെന്തിനു ഭയപ്പെടണം?" കൊച്ചുമകളുടെ ഉത്തരം.

"മോളെ, സ്വർഗ്ഗത്തിൽ നമുക്കൊരപ്പച്ചനുണ്ട്. ആ അപ്പച്ചനറിയാതെ ഒന്നും സംഭവിക്കുന്നില്ല. എന്തെങ്കിലും സംഭവിക്കുന്നെങ്കിൽ അത് ദൈവവിശ്വാസികളുടെ നന്മയ്ക്കായി മാത്രമായിരിക്കും."

ഇതിൽ നിന്ന് ഒരു കാര്യം നമുക്ക് വളരെ വ്യക്തമാണ്.

(ശേഷം 2-ാം പേജിൽ)

ഇടയ ലേഖനം

വിശുദ്ധ സ്ഥലവും ചെരിപ്പും

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത

യഹോവയുടെ ദാസനായ മോശയോടും, മോശയുടെ അനന്തരാവകാശിയായ യോശുവയോടും, പ്രത്യേക സന്ദർഭങ്ങളിൽ, അവർ നിൽക്കുന്ന സ്ഥലം വിശുദ്ധമാകയാൽ കാലിൽ നിന്ന് ചെരിപ്പഴിച്ചു കളയാൻ യഹോവ ആജ്ഞാപിക്കുന്നു (പുറ 3:7, യോശുവാ 5:15).

മനുഷ്യർക്കും, മറ്റു ജീവജാലങ്ങളിൽ മിക്കതിനും ഭൂമിയിൽ സഞ്ചരിക്കുന്നതിന് കാലും, പാദങ്ങളും നൽകപ്പെട്ടിരിക്കുന്നു. പാദങ്ങളുടെ സംരക്ഷണത്തിന് "പാദരക്ഷ" എന്ന ചെരുപ്പ്, മനുഷ്യബുദ്ധിയാൽ സംവിധാനം ചെയ്തുമിരിക്കുന്നു. പാദങ്ങളെ കല്ലിൽ നിന്നും മുള്ളിൽ നിന്നും രക്ഷിക്കുന്ന ചെരിപ്പ് അഴിച്ചുകളയാൻ പറഞ്ഞിരിക്കുന്നതെന്ത്? ഈശ്വര സാന്നിദ്ധ്യത്തിലാണ് ഈ സംഭവമുണ്ടാകുന്നത്. ചെരിപ്പഴിച്ചു കളയുന്നതിനുള്ള കാരണമായി പറയുന്നത്, അവർ നിൽക്കുന്ന സ്ഥലം വിശുദ്ധമാണ് എന്നതുതന്നെ.

മനുഷ്യജീവിതം പഞ്ചഭൂതങ്ങളോടും ആത്യന്തികമായി ഈ ഭൂമിയോടും ബന്ധപ്പെട്ടിരിക്കുന്നു. ദൈവം സൃഷ്ടിച്ചതെല്ലാം നല്ലതും വിശുദ്ധവുമാണ്. ഈ പശ്ചാത്തലത്തിൽ വേണം മേൽപ്പറഞ്ഞ ആജ്ഞയുടെ പൊരുൾ തേടേണ്ടത്.

ഒന്നാമത്, ചെരുപ്പ്, "പാദരക്ഷ" യ്ക്കുള്ളതാണെങ്കിലും, മനുഷ്യന്റെ പാദത്തെയും ഭൂമിയെയും തമ്മിൽ അകറ്റുന്നതാണ്. മണ്ണുകൊണ്ട് നിർമ്മിക്കപ്പെട്ട മനുഷ്യന്, ഭൂമിയോടുള്ള സമ്പർക്കം അനിവാര്യമാണ്. ഭൂമിയേയും മണ്ണിനേയും അവഗണിച്ചും ധിക്കരിച്ചും ജീവിക്കാനൊരുമ്പെട്ടാൽ അത് വിനാശത്തിലേ കലാശിക്കൂ. സാമാന്യമായി, ചെരുപ്പു ധരിക്കുന്ന മനുഷ്യൻ ദൈവസന്നിധാനത്തിൽ വരുമ്പോൾ, ചെരുപ്പ് ഒഴിവാക്കുന്ന രീതി പൗരസ്ത്യ നാടുകളിൽ പതിവുള്ളതാണ്. അവിടെ, ഭൂമിയെ സ്പർശിച്ചും, ഭൂമിയിൽ പദമൂന്നിയും നിൽക്കാനാണ് നിർദ്ദേശം. അപ്പോൾ ചെരിപ്പ് ഒരു പ്രതീകം കൂടെയാണെന്നു വരുന്നു. ആരാധനാലയത്തിലും, ബഹുമാന്യരായ ആളുകളുടെ സന്നിധിയിലും, ചിലപ്പോൾ വീടിനുള്ളിലും ചെരിപ്പ് ധരിക്കാത്ത രീതിയുണ്ട്. നിൽക്കുന്ന സ്ഥലം ശുദ്ധവും ആദരവർഹിക്കുന്നതുമാകയാലാണങ്ങനെ ചെയ്യുക. സ്ഥലത്തുള്ള ആളുകളുടെ സാന്നിദ്ധ്യമാണ്, സ്ഥലത്തെ വിശുദ്ധമോ, പ്രത്യേകതയുള്ളതോ ആക്കുന്നത്. അങ്ങനെ, വിനയത്തിന്റെയും ആദരവിന്റെ ഭാവത്തെയും സൂചിപ്പിക്കുന്നതാണ് നഗ്നപാദരായുള്ള നിൽപ്പ്.

വിശുദ്ധ ഭൂമിയിൽ മനുഷ്യനും മണ്ണും ഒന്നിച്ചാണ് നിൽക്കുന്നത്. അവർക്കിടയിൽ വേർതിരിവില്ല. അപ്പോൾ മനുഷ്യനും മണ്ണിനും മഹത്വവും മൂല്യവുമുണ്ടാകുന്നു. മറ്റൊരർത്ഥത്തിൽ നൈസർഗ്ഗികമായ പാദങ്ങൾക്കു "രക്ഷ"യായ ചെരുപ്പ് "കൃത്രിമ"മാണ്. അകൃത്രിമമായും കളങ്കമില്ലാതെയും

(ശേഷം 2-ാം പേജിൽ)

വിമുക്തി സ്പെഷൽ സ്കൂൾ

കുളമശ്ശേരി "വിമുക്തി" സ്കൂളിലെ കുട്ടികൾ HG.പോളിക്കാർപ്പോസ് തിരുമേനിയുടെ നേതൃത്വത്തിൽ കത്തീഡ്രൽ സന്ദർശിക്കുകയും കുട്ടികൾ തയ്യാറാക്കിയ ഉൽപ്പന്നങ്ങൾ കത്തീഡ്രൽ അംഗങ്ങൾക്ക് വിൽക്കുകയും ചെയ്തു. ■

പാവനസ്മരണയ്ക്ക്

20-ാം ചരമവാർഷികം

V. JOSEPH
(Asst. Exe. Engineer, World Bank Project)
K.S.E.B. Ernakulam

സന്തപ്ത കുടുംബാംങ്ങൾ:

വി.എസ്. സുഷമ (ഭാര്യ)
മക്കൾ: ജോബിൻ നിർമ്മൽ
ബിജു നിർമ്മൽ, റിജു നിർമ്മൽ

ഉദയംപേരിൽ, വടുതല, കൊച്ചി-23

വി. കുർബ്ബാന സമയം

എളംകുളം ചാപ്പൽ: Apr. 23 - 07.00 am, Apr. 30 - 10.00 am, May. 07 - 07.00 am

സെമിത്തേരിമുക്ക് ചാപ്പൽ: Apr. 30 - 07.30 am

എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am

Editorial Board : K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490

വികാരിയുടെ കത്ത്

രക്ഷാകരമായ കഷ്ടാനുഭവമേ സമാധാനത്താലെ വരിക....

ഫാ.ബിജു എബി മാത്യൂസ്

നാൽപതുനാൾ നോമ്പിനാൽ ഒരുങ്ങി, കഷ്ടാനുഭവ ആഴ്ചയിലേക്ക് നാം പ്രവേശിക്കുന്നു. രക്ഷാകരമായ കഷ്ടാനുഭവമേ സമാധാനത്താലെ വരിക എന്ന പ്രാർത്ഥനയോടെയാണ് സഭ കഷ്ടാനുഭവ ആഴ്ചയിലേക്ക് പ്രവേശിക്കുന്നത്. ഇത് ഒരു സ്മരണയോ, അനുസ്മരണമോ, ഓർമ്മ പുതുക്കലോ അല്ല, ഇത് അനുഭവമാണ്. "അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെ അനുഭവിച്ചറിയണം" എന്ന് പരിശുദ്ധനായ പൗലോസ്ശ്ലീഹാ ഫിലിപ്യർക്ക് എഴുതിയ ലേഖനത്തിലൂടെ നമ്മെ ഉപദേശിക്കുന്നു. (ഫിലി 3 :11) ഫിലി 2:29 - ൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല, അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നൽകിയിരിക്കുന്നു." കഷ്ടാനുഭവം ദൈവിക വരം എന്ന് ശ്ലീഹാ ഇവിടെ ഓർമ്മിപ്പിക്കുന്നു.

കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷക്രമങ്ങളും അനുഷ്ഠാനങ്ങളും ദൈവത്തോടൊപ്പം കഷ്ടം അനുഭവിപ്പാനുള്ള അവസ്ഥയിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. ദീർഘമായ ഉപവാസ അനുഭവങ്ങൾ-ദുഃഖ വെള്ളിയാഴ്ച്ച ഒമ്പതാം മണിവരെയോ, സന്ധ്യവരെയുമോ നാം ഉപവസിക്കുന്നു. ദീർഘമായ പ്രാർത്ഥനകൾ-ദുഃഖ വെള്ളിയാഴ്ച്ച മുഴുവനും നാം പ്രാർത്ഥനയോടും ധ്യാനത്തോടും കൂടെ ദേവാലയത്തിൽ കഴിഞ്ഞുകൂടുന്നു. കുമ്പിടീലും കയ്പുനീരിന്റെ അനുഭവവും എല്ലാം ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിലേക്ക് നമ്മെയും ചേർത്തു നിർത്തുന്നു.

ക്രൂശിക്കപ്പെടുന്നവർക്ക് ശ്വാസംമുട്ട് അനുഭവപ്പെടുന്നതിനായി ക്രൂശിനു ചുവട്ടിൽ തീയിടുന്ന പതിവുണ്ടായിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. ദുഃഖ വെള്ളിയാഴ്ച്ച കുരിശു കുമ്പിടുന്നതിനായി ക്രമീകരിക്കുമ്പോൾ അവിടെ കുന്തിരിക്കത്തിന്റെ പുക നമുക്ക് ശ്വാസം മുട്ടലിന്റെ അനുഭവം പ്രദാനം ചെയ്യുന്നത് ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെ ഭാഗമായി മാറുന്നതിന് നമ്മെ സഹായിക്കുന്നു.

കഷ്ടാനുഭവ ആഴ്ചയിലെ കഷ്ടാനുഭവം കേവലം ഒരാഴ്ചയിൽ ഒതുങ്ങിനിൽക്കുവാനുള്ളതല്ല. പിന്നെയോ ക്രിസ്തുവിനു വേണ്ടി കഷ്ടം അനുഭവിപ്പാനുള്ള തയ്യാറെടുപ്പിലേക്ക് നമ്മെ വഴി നടത്തേണ്ടതാണ്. സഭയുടെ വിശുദ്ധന്മാർ എല്ലാവരും ശരീരത്തിൽ കഷ്ടത അനുഭവിക്കാൻ തയ്യാറായവരാണ് എന്ന് ചരിത്രം സാക്ഷിക്കുന്നു. പരിശുദ്ധനായ പൗലോസ് ശ്ലീഹാ പറയുന്നു "ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനു വേണ്ടി പൂരിപ്പിക്കുന്നു (കൊലോ1:24). നാം കഷ്ടമനുഭവിക്കേണ്ട ആവശ്യമെന്താണെന്നുള്ള ചോദ്യത്തിനു ശ്ലീഹാ ഇവിടെ ഉത്തരം നൽകുന്നു. ക്രിസ്തുവിന്റെ കഷ്ടാനുഭവമാകുന്ന ശുശ്രൂഷയിൽ പങ്കാളികളാകാൻ നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് കഷ്ടാനുഭവങ്ങളോടുള്ള സമീപനം കേവലം ലൗകീകരായ മനുഷ്യരുടേതിൽ നിന്നു വിഭിന്നമായിരിക്കും. കഷ്ടാനുഭവങ്ങളിൽ നിന്ന് നന്മവരുത്തുവാൻ കഴിവുള്ളവനാണ് ക്രിസ്ത്യാനി.

മറ്റുള്ളവർക്കു വേണ്ടി കഷ്ടതയനുഭവിച്ച ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിൽ പങ്കാളിയാകുന്നതിനേക്കാൾ വലിയ പദവിയില്ല. കുറേനക്കാരനായ ശീമോൻ ഈ വിധത്തിൽ ഭാഗ്യവാനായവനാണ്. അതിനുള്ള അവസരം ലഭിക്കുമ്പോൾ നമുക്കും സന്തോഷിക്കാൻ സാധിക്കട്ടെ. മനുഷ്യകുലം ഒരുമിച്ച് കഷ്ടതയനുഭവിക്കുന്നു. ഓരോ വ്യക്തിയുടെയും കഷ്ടാനുഭവം മനുഷ്യകുലത്തിന്റെ കഷ്ടാനുഭവത്തിന്റെ ഭാഗമാണ്. ക്രിസ്തുവിന്റെ കഷ്ടാനുഭവം ഒരർത്ഥത്തിൽ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയ്ക്കുവേണ്ടിയുള്ള നമ്മുടെ കഷ്ടാനുഭവത്താൽ ക്രിസ്തുവിന്റെ കഷ്ടാനുഭവത്തെ നാം പൂരിപ്പിക്കുന്നു. ഇതൊരു വലിയ രഹസ്യമാണ്. വലിയ യാഥാർത്ഥ്യവുമാണ്.

ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ പുനരുത്ഥാനത്തിന്റെ ശക്തിയിലേക്ക് നമ്മെ വഴി നടത്തും എന്ന് പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. ■

ഉയിർപ്പ് പെരുന്നാൾ ആശംസകളോടെ ....

വികാരിയുടെ കത്ത്

(എഡിറ്റോറിയൽ തുടർച്ച)

കൊച്ചുമോളുടെ അപ്പച്ചൻ ഒരു ആധിയും, ഭയവുമൊന്നുമില്ലാതെ ലൈബ്രറിയിൽ വായിച്ചുകൊണ്ടിരുന്നത് അദ്ദേഹത്തിന്റെ ദൈവ വിശ്വാസം ഒന്നുകൊണ്ടു മാത്രമാണ്. "സ്ത്രീയെ നിന്റെ വിശ്വാസം വലിയത്, നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ" (മത്തായി 15:21-28). വലിയ നോമ്പിലെ നാലാം ഞായറാഴ്ച്ചത്തെ ഈ വായനഭാഗം നമുക്കെല്ലാം സുപരിചിതമാണല്ലോ. ഇതിൽ യേശുക്രിസ്തു ഒരു പ്രധാന കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ആ കാലത്തെ വ്യവസ്ഥിതിയനുസരിച്ച് അന്യജാതിയിൽപെട്ട ഈ കനാന്യസ്ത്രീയോടാണ് യേശു ഇതു പറഞ്ഞതെന്നോർക്കണം. കർത്താവിനോടുകൂടെ നിന്നവർപോലും യേശുവിനെ മശിഹായുടെ പ്രതീകമായ "ദാവീദ് പുത്ര" നാണെന്ന് മനസ്സിലാക്കുവാൻ സാധിക്കാതിരുന്നപ്പോഴാണ് അവളുടെ സംബോധനയുടെ ആഴം നാം മനസ്സിലാക്കേണ്ടത്.

ഇങ്ങനെയൊരു വിശ്വാസം ക്രിസ്തീയരെന്നു വിശേഷിപ്പിക്കപ്പെടുന്ന നമുക്കുണ്ടെങ്കിൽ ഏതു പ്രതിസന്ധിയിലും ഭയപ്പെടാതെ മുൻപോട്ടു പോകുവാൻ ദൈവം നമ്മോടുകൂടെയുണ്ടാകുമെന്ന് നിശ്ചയം. ■

MARTHAMARIYAM SAMAJAM

Marthamariyam Samajam in their meeting held on 24-03-2017 elected the following members as office bearers for 2017-18

Secretary - Annie Joshua, Treasurer - Alice Jacob

Committee Members

Annie Philipose, Susan George, Jessy Mathew, Latha Simon, Shyla Thomas, Molly Varghese, **Ex-Officio:** Suma Mathew

(ഇടയലേഖനം തുടർച്ച)

വേണമല്ലോ, ദൈവത്തെ സമീപിക്കാൻ. കൃത്രിമ ഭാവങ്ങളും ഭക്തി പ്രകടനങ്ങൾക്കും അവിടെ സ്ഥാനമില്ല. ആദ്യ സൃഷ്ടിയായ ആദമിനും ഹവ്വയ്ക്കും ഇന്നു കാണുന്ന വസ്ത്രാലങ്കാരങ്ങൾ ഉണ്ടായിരുന്നില്ല. അവർ "നഗ്നരു"മായിരുന്നില്ല. വസ്ത്രമില്ലെങ്കിലും, അത് വിശുദ്ധമായ നിഷ്കളങ്കതയാണ്. പാപം ചെയ്തതുമൂലമാണ് നഗ്നതാബോധവും, കൃത്രിമ ആവരണങ്ങളുടെ ആവശ്യവുമുണ്ടായതെന്നു പറയാം.

ചെരുപ്പ് എന്ന ആവരണം ശരീരത്തെ സംബന്ധിച്ചു മാത്രമല്ല ഹൃദയവും സംശുദ്ധമായി, കൃത്രിമലേശമന്യേ, "നഗ്ന"മായി തുറന്ന സ്ഥിതിയിൽ ദൈവത്തിനു മുമ്പിൽ കാണപ്പെടണം. വിശുദ്ധഭൂമിയിൽ എല്ലാം നൈസർഗ്ഗികവും ലളിതവും വിശുദ്ധവുമായിരിക്കണം. ■

കത്തീഡ്രൽ അംഗങ്ങൾ ഊർജ്ജ-ജല സംരക്ഷണത്തിന്

മെൽത്തൊ-2017

എറണാകുളം ഓർത്തഡോക്സ് ഗോസ്പൽ കൺവെൻഷൻ "മെൽത്തോ-2017" മാർച്ച് 10,11,12 തീയതികളിൽ എറണാകുളം മറൈൻഡ്രൈവ് ഹെലിപ്പാഡിൽ നടത്തി. 10-ാം തീയതി വെള്ളി, വൈകിട്ട് കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ ഉൽഘാടന സന്ദേശത്തോടെ ആരംഭിച്ച കൺവെൻഷൻ 12-ാം തീയതി കാൻഡിൽ പ്രെയറോടും, ആശിർവ്വാദത്തോടും കൂടി സമാപിച്ചു. സുവിശേഷ പ്രാസംഗികരായി റവ. ഫാ.ജോജി കെ. ജോയി, അടൂർ, ഡോ. റെജി മാത്യു, തിരുവല്ല, സഖറിയാ നൈനാൻ (സഖേർ), കോട്ടയം എന്നിവർ പങ്കെടുത്തു. 11-ാം തീയതിയിലെ കുടുംബ സംഗമത്തിൽ പ്രൊഫസർ മേരി മാത്യു, 12-ാം തീയതിയിലെ യുവജനസംഗമത്തിൽ ശ്രീ. ജിജി തോംസൺ എന്നിവർ സന്ദേശങ്ങൾ നൽകി. 10-ാം തീയതി ഉൽഘാടനാനന്തരം വൈദിക ട്രസ്റ്റി ഫാ. ഡോ. എം.ഒ.ജോൺ, അൽമായ ട്രസ്റ്റി ശ്രീ. ജോർജ്ജ് പോൾ, കൊച്ചി ഭദ്രാസന മാനേജിങ്ങ് കമ്മിറ്റി അംഗങ്ങളായ ശ്രീ.സി.കെ.സണ്ണി, ശ്രീ.എം.പി. ജോൺ, ശ്രീ. അലക്സാണ്ടർ കെ.ജോൺ എന്നിവരെ ആദരിച്ചു. ■

കത്തീഡ്രൽ MGOCSM, OCYM എന്നീ സംഘടനകളുടെ സംയുക്ത യോഗം

മാർച്ച് 26-ാം തീയതി കത്തീഡ്രലിൽ യൂഹാനോൻ മാർ പോളിക്കാർപ്പോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ MGOCSM, OCYM യൂണിറ്റുകളുടെ സംയുക്ത യോഗം നടത്തപ്പെട്ടു. ബഹു. ഫാ.ജിജു വർഗ്ഗീസ്, ഫാ.സൈമൺ ജോസഫ് എന്നിവരും പങ്കെടുത്തു സന്ദേശങ്ങൾ നൽകി. ■

വിശേഷ ദിവസങ്ങൾ

ഏപ്രിൽ 05 ബുധൻ - പ:പാമ്പാടി തിരുമേനിയുടെ ഓർമ്മ,
07 വെള്ളി- നാൽപതാം വെള്ളി, 08 ശനി - ലാസറിന്റെ ശനി , 09 ഞായർ - ഓശാന ഞായർ(കത്തീഡ്രലിൽ രാവിലെ 7ന് ഒരുകുർബ്ബാന മാത്രം)
13 വ്യാഴം - പെസഹാ വ്യാഴം, 14 വെള്ളി - ദുഃഖ വെള്ളി, 15 ശനി - ദുഃഖ ശനി
(വി. കുർബ്ബാന: എളംകുളം ചാപ്പൽ 7.00 am, കത്തീഡ്രൽ 11.00 am)
16 ഞായർ - ഉയിർപ്പ് ഞായർ,
23 ഞായർ-പുതു ഞായർ, വി.ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മ,
മെയ് 03 ബുധൻ - പ.പൗലോസ് പ്രഥമൻ ബാവയുടെ ഓർമ്മ (പാമ്പാക്കുട)

OVBS 17.04.2017 മുതൽ 22.04.2017 വരെ